**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3373** **01-03-2023 - ൽ മറുപടിയ്ക്ക്**

**കച്ചേരി വില്ലേജിലെ റവന്യൂ ടവർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ കച്ചേരി വില്ലേജിൽ റവന്യൂ ടവർ നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് താലൂക്കിലെ കച്ചേരി വില്ലേജിലെ റവന്യൂ ഭൂമിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ 2022-23ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റ് സഹിതം കോഴിക്കോട് ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം റവന്യൂ ടവർ നിർമ്മാണം 2022-23 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതും ടി നിർമ്മാണ പ്രവർത്തനം പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നിർവ്വഹിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർ കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രകാരം തുടർനടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (ബി) | കച്ചേരി വില്ലേജിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിന് സർക്കാർ ഏറ്റെടുത്ത ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുവാൻ സ്വീകരിച്ച നടപടികളെ കുറിച്ച് വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കച്ചേരി വില്ലേജിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിന് സർക്കാർ ഏറ്റെടുത്ത സ്ഥലത്ത് പ്രവർത്തിച്ചിരുന്ന അയ്യപ്പഭജനമഠം ഒഴിപ്പിക്കുന്നതിനെതിരെ ശ്രീ.മണ്ണിൽ രാജൻ എന്നവർ ബഹു. കോഴിക്കോട് അഡീഷണൽ ജില്ലാ കോടതിയിൽ ഫയൽ ചെയ്ത ഒ.എസ്/611/18 നമ്പർ കേസിലെ 23.07.2020 തീയതിയിലെ ഉത്തരവ് പ്രകാരം പ്രസ്തുത കേസ് തീർപ്പാകുന്നതുവരെ സ്ഥാപനം ടി സ്ഥലത്ത് തുടരാനും, പ്രവർത്തിക്കാനും അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കേസിൽ സർക്കാർ ഭാഗം കോടതിയിൽ ഫയൽ ചെയ്ത് അനുകൂല വിധി സമ്പാദിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സാഹചര്യത്തിൽ ബഹു.കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ